**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4068 — 25.06.2018-ൽ മറുപടിയ്ക്ക്.

## വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.എൽദോ എബ്രഹാം | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നിലവിൽ വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ; | (എ) പൊതുജനങ്ങൾക്ക് വനത്തിന്റെ അപൂർവ്വതകൾ അടുത്തറിയുവാനും, വനാശ്രിത ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും ലക്ഷ്യമിട്ട് പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വനം വകുപ്പ് നടപ്പാക്കുന്നതാണ് പങ്കാളിത്ത ഇക്കോടൂറിസം പരിപാടികൾ (Participatory eco-tourism programmes). വനസംരക്ഷണം , പ്രകൃതി പഠനം, വനാശ്രിതരുടെ ജീവനോപാധി വർദ്ധനവ്, ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. പൊതുജനങ്ങൾ കാലാകാലങ്ങളായി സന്ദർശിച്ചു വരുന്നതും പ്രകൃതിരമണീയമായതുമായ പുഴകൾ, പുൽമേട്ടുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിങ്ങനെയുള്ള പ്രദേശങ്ങളാണ് പ്രധാനമായും ഇക്കോടൂറിസത്തിനായി തെരഞ്ഞെടുക്കുന്നത്. പദ്ധതി പ്രദേശങ്ങളിലെ ആളുകൾ അംഗങ്ങളായ നിലവിലുള്ള പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതി/ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റി (VSS/EDC) എന്നിവയുടെ ആഭിമുഖ്യത്തിൽ പരിപാടി നടപ്പാക്കുന്ന പ്രദേശത്തെ സംബന്ധിച്ച് പങ്കാളിത്ത പഠനം നടത്തി മൈക്രോ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് അതിൻ പ്രകാരമാണ് പരിപാടികൾ നടപ്പിലാക്കുന്നത്. ടി VSS/EDC യിലെ അംഗങ്ങളെ ടി പദ്ധതി പ്രദേശത്ത് സന്ദർശകസഹായത്തിനായുള്ള ഗൈഡുകളായി |

നിയോഗിക്കുന്നു. ഇക്കോട്ടൂറിസം പ്രദേശങ്ങളിലെ സന്ദർശകരിൽ നിന്നും പിരിച്ചെടുക്കുന്ന പ്രവേശന ഫീസ് ടി ഇക്കോട്ടൂറിസം പ്രദേശത്തിന്റെ പരിപാലനം, സംരക്ഷണം, ഗൈഡുകളുടെ പ്രതിഫലം എന്നിവയ്ക്കായി ഉപയോഗപ്പെടുത്തുന്നു. കേരളത്തിൽ നിലവിൽ 29 വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ 60 ഇക്കോട്ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത ഇക്കോട്ടൂറിസം പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ,

(ബി) പൊതുജനങ്ങൾ കാലാകാലങ്ങളായി സന്ദർശിച്ച് വരുന്നതും പ്രകൃതിരമണീയവുമായ പ്രദേശങ്ങളാണ് ഇക്കോട്ടൂറിസം നടത്തിപ്പിനായി തെരഞ്ഞെടുക്കുന്നത്. ഇങ്ങനെ പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങിയ പ്രദേശങ്ങളാണ് പ്രധാനമായും ഇക്കോട്ടൂറിസം പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ ഭരണപരമായ നടത്തിപ്പിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കോട്ടൂറിസം നടപ്പാക്കുന്ന പ്രദേശത്തെ ആളുകൾ അംഗങ്ങളായ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റി (VSS/EDC) എന്നിവയുടെ ആഭിമുഖ്യത്തിൽ പരിപാടികൾ നടപ്പാക്കുന്ന പ്രദേശത്തെ സംബന്ധിച്ച് പങ്കാളിത്ത പഠനം നടത്തി മൈക്രോപ്ലാൻ തയ്യാറാക്കി അംഗീകരിച്ച് അതിൻ പ്രകാരമാണ് പരിപാടികൾ നടപ്പിലാക്കുന്നത്. VSS/EDC-കൾക്ക് അംഗത്വമുള്ള വനവികാസ ഏജൻസി പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം, അവലോകനം എന്നിവ നടത്തുന്നു. വനം വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചും ഇക്കോട്ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ധനസഹായം ഉപയോഗിച്ചും ഇക്കോട്ടൂറിസം ~~ഇക്കോട്ടൂറിസം~~ പദ്ധതികൾ നടപ്പാക്കുന്നു.

(ഡി) വനമേഖല കേന്ദ്രീകരിച്ച് ഇക്കോട്ടൂറിസം സർക്യൂട്ട് ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ,

(ഡി) വനമേഖല കേന്ദ്രീകരിച്ച് ഇക്കോട്ടൂറിസം സർക്യൂട്ട് ആവിഷ്കരിക്കുന്നത് ഇപ്പോൾ വനം വകുപ്പിന്റെ പരിഗണനയിലില്ല.

(ഇ) ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക സുരക്ഷ, താമസ സൗകര്യം എന്നിവ സംബന്ധിച്ച

(ഇ) എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും കൈവരികൾ, ബാരിക്കേഡുകൾ, സുരക്ഷാ

| | |
|---|---|
| ക്രമീകരണങ്ങൾ വിശദമാക്കുമോ? | ഗൈഡുകളെ നിയോഗിക്കൽ തുടങ്ങി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ സാധാരണയായി സഞ്ചാരികൾക്ക് താമസ സൗകര്യങ്ങൾ ഒരുക്കാറില്ല. താമസത്തിനായി വനത്തിന് പുറത്ത് നിലവിലുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിൽ ടി ആവശ്യത്തിനായി പ്രയോജനപ്പെടുത്താറുണ്ട്. താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ പ്രാദേശിക ജനവിഭാഗങ്ങൾക്ക് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ